# 2 തെസ്സലൊനിക്യർ

1 പൗലൊസും ശീലാസും തിമൊ
ഥെയോസും,
നമ്മുടെ പിതാവായ ദൈവത്തിലും കർത്താ
വായ യേശുക്രിസ്തുവിലും ഉള്ള തെസ്സലൊനി
ക്യസഭയ്ക്ക് എഴുതുന്നത്:
2പിതാവായ ദൈവത്തിൽനിന്നും കർത്താവാ
യ യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃ
പയും സമാധാനവും ഉണ്ടാകട്ടെ.

*സ്തോത്രാർപ്പണവും പ്രാർത്ഥനയും*

3സഹോദരരേ, നിങ്ങളുടെ വിശ്വാസം ഏറ്റവും
വർദ്ധിച്ചും നിങ്ങൾക്കെല്ലാവർക്കും അന്യോന്യമു
ള്ള സ്നേഹം വളർന്നും ഇരിക്കയാൽ ഞങ്ങൾ നി
ങ്ങൾക്കുവേണ്ടി ദൈവത്തിന് എല്ലായ്പ്പോഴും
സ്തോത്രംചെയ്യുവാൻ കടപ്പെട്ടിരിക്കുന്നു; അതു
തികച്ചും ഉചിതം തന്നേ. 4അതുകൊണ്ടു നിങ്ങൾ
സഹിക്കുന്ന സകല പീഡനങ്ങളിലും പരിശോ
ധനകളിലും നിങ്ങൾക്കുള്ള സഹിഷ്ണുതയെയും
വിശ്വാസത്തെയും കുറിച്ചു ഞങ്ങൾ ദൈവ
ത്തിൻെറ സഭകളിൽ പ്രശംസിക്കുന്നു.
5നിങ്ങൾ കഷ്ടം അനുഭവിക്കുവാൻ ഹേതു
വായിരിക്കുന്ന ദൈവരാജ്യത്തിനു നിങ്ങൾ യോ
ഗ്യരായിത്തീരും എന്നിങ്ങനെ ദൈവത്തിൻെറ
നീതിപൂർവ്വമായ വിധിക്ക് ഇതു വ്യക്തമായ
തെളിവാണ്. 6കർത്താവായ യേശു തൻെറ ശക്തി
യുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്ന്, അഗ്നി
ജ്വാലയിൽ പ്രത്യക്ഷനാകുമ്പോൾ, 7നിങ്ങളെ
പീഡിപ്പിക്കുന്നവർക്കു പീഡയും പീഡിതരായ
നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും
പകരം നല്കും എന്നതു ദൈവത്തിൻെറ നീതിത
ന്നേ. 8ദൈവത്തെ അറിയാത്തവരോടും നമ്മുടെ
കർത്താവായ യേശുവിൻെറ സുവിശേഷം അനു
സരിക്കാത്തവരോടും അവിടുന്ന് പ്രതികാരം
ചെയ്യും. 9ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസി
ച്ചതുപോലെ, വിശ്വസിച്ച എല്ലാവരിലും താൻ ഒരു
ആശ്ചര്യവിഷയം ആകേണ്ടതിനും തൻെറ വിശു
ദ്ധരിൽ മഹത്ത്വപ്പെടേണ്ടതിനും അവിടുന്നു
പ്രത്യക്ഷനാകുമ്പോൾ, 10ഇക്കൂട്ടർ കർത്താവിൻെ
റ സന്നിധിയിൽനിന്നും അവിടുത്തെ മഹത്ത്വ
കരമായ തേജസ്സിൽനിന്നും അകന്നു നിത്യനാശം
എന്ന ശിക്ഷ അനുഭവിക്കും.
11നമ്മുടെ ദൈവത്തിൻെറയും കർത്താവായ
യേശുക്രിസ്തുവിൻെറയും കൃപയാൽ,
യേശുക്രിസ്തുവിൻെറ നാമം നിങ്ങളിലും നി
ങ്ങൾ യേശുവിലും മഹത്ത്വപ്പെടേണ്ടതിന്,
12നമ്മുടെ ദൈവം നിങ്ങളെ തൻെറ വിളിക്കു
യോഗ്യരായി എണ്ണി, നന്മയിലുള്ള നിങ്ങളുടെ
ആഗ്രഹവും വിശ്വാസത്തിൻെറ പ്രവൃത്തിയും
തൻെറ ശക്തിയാൽ പൂർത്തിയാക്കിത്തരേണ്ട
തിനു ഞങ്ങൾ നിങ്ങൾക്കുവേണ്ടി നിരന്തരം
പ്രാർത്ഥിക്കുന്നു.

*അധർമ്മമൂർത്തി*

2 സഹോദരരേ, നമ്മുടെ കർത്താവായ
യേശുക്രിസ്തുവിൻെറ ആഗമനത്തെയും
നമ്മെ തൻെറ അടുക്കൽ കൂട്ടിച്ചേർക്കുന്ന
തിനെയുംപറ്റി ഞങ്ങൾ നിങ്ങളോട് അപേക്ഷി
ക്കുന്നത്: 2ക്രിസ്തുവിൻെറ ദിവസം വന്നിരി
ക്കുന്നു എന്നറിയിക്കുന്ന വല്ല ആത്മാവിനാലോ
വചനത്താലോ ഞങ്ങൾ എഴുതിയെന്നു തോന്നി
ക്കുന്ന ലേഖനത്താലോ നിങ്ങൾ വേഗത്തിൽ
ചഞ്ചലചിത്തരോ അസ്വസ്ഥരോ ആകരുത്.
3ആരും ഒരുവിധത്തിലും നിങ്ങളെ ചതിക്കരുത്.
ആ ദിവസത്തിനുമുമ്പു വിശ്വാസത്യാഗം സംഭ
വിക്കുകയും നാശയോഗ്യനായ അധർമ്മമൂർത്തി
പ്രത്യക്ഷപ്പെടുകയും ചെയ്യും. 4അവൻ ദൈവം
എന്നോ പൂജാവിഷയം എന്നോ പേരുള്ള
എല്ലാറ്റിനെയും എതിർക്കുകയും അവയ്ക്കു
മീതെ തന്നെത്താൻ ഉയർത്തി താൻതന്നേ
ദൈവം എന്ന് അവകാശപ്പെട്ടുകൊണ്ടു ദൈവാ
ലയത്തിൽ ഇരിക്കുകയും ചെയ്യും.
5ഞാൻ നിങ്ങളോടുകൂടെ ഇരുന്നപ്പോൾ ഈ
കാര്യങ്ങൾ പറഞ്ഞത് ഓർക്കുന്നില്ലേ?
6തക്കസമയത്ത് അവൻ വെളിപ്പെടേണ്ടതിന്
ഇപ്പോൾ അവനെ തടയുന്നത് എന്തെന്ന്
നിങ്ങൾക്കറിയാം. 7അധർമ്മത്തിൻെറ മർമ്മം
ഇപ്പോൾതന്നേ വ്യാപരിക്കുന്നുണ്ട്. ഇപ്പോൾ
അതിനെ തടയുന്നവൻ വഴിയിൽനിന്നു നീങ്ങു
കമാത്രം വേണം. 8അപ്പോൾ അധർമ്മമൂർത്തി
വെളിപ്പെടും; അവനെ കർത്താവായ യേശു
തൻെറ വായിലെ ശ്വാസത്താൽ ദഹിപ്പിച്ച്
തൻെറ പ്രത്യക്ഷതയുടെ പ്രഭാവത്താൽ ഒടുക്കി
ക്കളയും. 9അധർമ്മമൂർത്തിയുടെ പ്രത്യക്ഷത,
നശിച്ചുപോകുന്നവരുടെ മധ്യത്തിൽ സാത്താ

ൻെറ പ്രവർത്തനരീതിക്ക് അനുസരണമായി
വ്യാജമായ എല്ലാ ശക്തികളോടും അടയാളങ്ങ
ളോടും അത്ഭുതപ്രവൃത്തികളോടും അനീതി
യുടെ സകല വഞ്ചനയോടുംകൂടെയായിരിക്കും.
10അവർ രക്ഷിക്കപ്പെടുവാൻ തക്കവണ്ണം
സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളാതി
രുന്നതിനാൽത്തന്നേ അങ്ങനെ സംഭവിക്കും.
11അതിനാൽ സത്യത്തെ വിശ്വസിക്കാതെ അനീ
തിയിൽ രസിക്കുന്ന എല്ലാവർക്കും ശിക്ഷാവിധി
വരേണ്ടതിന് 12അവർ വ്യാജം വിശ്വസിക്കത്ത
ക്കവണ്ണം ദൈവം അവരുടെമേൽ ശക്തമാ
യൊരു മിഥ്യാബോധം അയയ്ക്കും.

*ഉറച്ചുനില്ക്കുക*

13കർത്താവിനു പ്രിയരായ സഹോദരരേ,
ദൈവം നിങ്ങളെ ആത്മാവിൻെറ വിശുദ്ധീ
കരണത്താലും സത്യത്തിലുള്ള വിശ്വാസത്താലും
ആദിമുതൽത്തന്നേ രക്ഷയ്ക്കായി തിരഞ്ഞെ
ടുത്തിരിക്കയാൽ[a], ഞങ്ങൾ നിങ്ങൾക്കുവേണ്ടി
ദൈവത്തിന് എപ്പോഴും സ്തോത്രം അർപ്പി
ക്കുവാൻ കടപ്പെട്ടിരിക്കുന്നു. 14നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിൻെറ തേജസ്സു പ്രാപിക്കു
വാനാണല്ലോ ദൈവം നിങ്ങളെ ഞങ്ങളുടെ സു
വിശേഷം മുഖാന്തരം രക്ഷയ്ക്കായി വിളിച്ചത്.
15അതിനാൽ സഹോദരരേ, നിങ്ങൾ ഉറച്ചുനിന്ന്,
വാക്കിനാലോ ലേഖനത്താലോ ഞങ്ങൾ നി
ങ്ങൾക്ക് ഉപദേശിച്ചുതന്നിട്ടുള്ള പ്രമാണങ്ങളെ
മുറുകെപ്പിടിച്ചുകൊള്ളുവിൻ.
16നമ്മുടെ കർത്താവായ യേശുക്രിസ്തുവും,
നമ്മെ സ്നേഹിച്ച്, കൃപയാൽ നമുക്കു നിത്യാ
ശ്വാസവും നല്ല പ്രത്യാശയും നല്കിയിരിക്കുന്ന
നമ്മുടെ പിതാവായ ദൈവവും 17നിങ്ങളുടെ ഹൃ
ദയങ്ങളെ ആശ്വസിപ്പിച്ചു സകല സൽപ്രവൃത്തി
യിലും വാക്കിലും നിങ്ങളെ ശക്തീകരിക്കട്ടെ.

*പ്രാർത്ഥനയ്ക്കായുള്ള അപേക്ഷ*

3 ഒടുവിൽ സഹോദരരേ, കർത്താവിൻെറ
വചനം നിങ്ങളുടെ അടുക്കൽ എത്തിയതു
പോലെ അതിവേഗം പ്രചരിക്കുവാനും
മഹത്ത്വപ്പെടുവാനും 2അധർമ്മികളും ദുഷ്ടരു
മായ മനുഷ്യരിൽനിന്നു ഞങ്ങൾ വിടുവിക്ക
പ്പെടുവാനുമായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥി
പ്പിൻ, വിശ്വാസം എല്ലാവർക്കും ഇല്ലല്ലോ.
3കർത്താവോ വിശ്വസ്തൻ; അവിടുന്ന് നിങ്ങ
ളെ ശക്തരാക്കി ദുഷ്ടനിൽനിന്നു കാത്തുകൊ
ള്ളും. 4ഞങ്ങൾ കല്പിക്കുന്ന കാര്യങ്ങൾ നിങ്ങൾ
ചെയ്യുന്നുവെന്നും മേലിലും ചെയ്യുമെന്നും
കർത്താവിൽ ഞങ്ങൾക്കു നല്ല ഉറപ്പാണ്.
5കർത്താവു നിങ്ങളുടെ ഹൃദയങ്ങളെ ദൈവസ്
നേഹത്തിലേക്കും ക്രിസ്തുവിൻെറ സഹിഷ്ണു
തയിലേക്കും നയിക്കുമാറാകട്ടെ.

*അലസതയ്ക്കെതിരേ താക്കീത്*

6സഹോദരരേ, ഞങ്ങളിൽനിന്നു നിങ്ങൾ
പ്രാപിച്ചിട്ടുള്ള പ്രമാണങ്ങൾ പാലിക്കാതെ
ക്രമംകെട്ടു നടക്കുന്ന എല്ലാ സഹോദരന്മാരിൽ
നിന്നും അകന്നുകൊള്ളണമെന്നു കർത്താവാ
യ യേശുക്രിസ്തുവിൻെറ നാമത്തിൽ ഞങ്ങൾ
നിങ്ങളോടു കല്പിക്കുന്നു. 7ഞങ്ങളുടെ മാതൃ
ക പിന്തുടരേണ്ടത് എങ്ങനെയെന്നു നിങ്ങൾ
തന്നേ അറിയുന്നുവല്ലോ. ഞങ്ങൾ നിങ്ങളുടെ
മധ്യേ ക്രമംകെട്ടവരായി ജീവിച്ചിട്ടില്ല. 8ആരു
ടെയും ആഹാരം ഞങ്ങൾ വെറുതെ ഭക്ഷിച്ചിട്ടി
ല്ല. നേരേമറിച്ച്, നിങ്ങളിൽ ആർക്കും ഭാരമാകാ
തിരിക്കേണ്ടതിനു ഞങ്ങൾ രാവും പകലും
ക്ലേശിച്ച് അധ്വാനിക്കുകയാണുണ്ടായത്.
9സഹായം സ്വീകരിക്കുവാനുള്ള അവകാശം
ഞങ്ങൾക്ക് ഇല്ലാഞ്ഞതുകൊണ്ടല്ല, പിന്നെയോ
നിങ്ങൾക്കു പിന്തുടരുവാൻ ഒരു മാതൃക നല്കു
വാനാണു ഞങ്ങൾ അപ്രകാരം ചെയ്തത്.
10"ജോലിചെയ്യാത്തവൻ ഭക്ഷിക്കയുമരുത്"
എന്നൊരുകല്പന, ഞങ്ങൾ നിങ്ങളോടുകൂടെ
ആയിരുന്നപ്പോൾ നിങ്ങൾക്കു നൽകിയിരു
ന്നുവല്ലോ.
11നിങ്ങളിൽ ചിലർ ജോലിയൊന്നും
ചെയ്യാതെ പരകാര്യതല്പരരായി അച്ചടക്കംവി
ട്ടു നടക്കുന്നുവെന്നു ഞങ്ങൾ കേൾക്കുന്നു.
12അത്തരക്കാരോട്, ശാന്തരായി വേലചെയ്ത്
ഉപജീവനം നേടണമെന്നു കർത്താവായ യേശു
ക്രിസ്തുവിൽ ഞങ്ങൾ കല്പിക്കുകയും പ്രബോ
ധിപ്പിക്കുകയും ചെയ്യുന്നു. 13നിങ്ങളോ സഹോ
ദരരേ, നന്മ ചെയ്യുന്നതിൽ തളർന്നുപോകരുത്.
14ഈ ലേഖനത്തിലുള്ള ഞങ്ങളുടെ നിർദ്ദേ
ശം അനുസരിക്കാത്തവൻ ലജ്ജിക്കേണ്ടതിന്
അവനെ വേർതിരിക്കയും അവനോടുള്ള സമ്പ
ർക്കം വെടിയുകയും ചെയ്യുവിൻ. 15എങ്കിലും
അവനെ ഒരു ശത്രുവായി കണക്കാക്കാതെ
സഹോദരൻ എന്ന നിലയ്ക്ക് ഉപദേശിക്കുകയാ
ണുവേണ്ടത്.
16സമാധാനത്തിൻെറ ദൈവംതന്നേ നിങ്ങൾ
ക്ക് എല്ലായ്പ്പോഴും എല്ലാ വിധത്തിലും സമാ
ധാനം നല്കുമാറാകട്ടെ. കർത്താവു നിങ്ങ
ളോടെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ.
17പൗലൊസായ ഞാൻ എൻെറ സ്വന്തം കൈ
കൊണ്ട് ഈ ആശംസകൾ എഴുതുന്നു. എൻെറ
എല്ലാ ലേഖനത്തിലുമുള്ള പ്രത്യേക അടയാളം
ഇതുതന്നേ.
18നമ്മുടെ കർത്താവായ യേശുക്രിസ്തു
വിൻെറ കൃപ നിങ്ങളോടെല്ലാവരോടുംകൂടെ ഇരി
ക്കുമാറാകട്ടെ.

[a] 2:13 ചില കയ്യെഴുത്തുപ്രതികളിൽ *രക്ഷയ്ക്കായി ആദ്യഫലമായി തിരഞ്ഞെടുത്തിരിക്കയാൽ*